ഉത്തരം

(എ) 183 പാലങ്ങൾ.

(ബി) 84 എണ്ണം.

(സി) 6 പാലങ്ങൾ.

(ഡി) 1964 ഡിസംബറിൽ പൂർത്തിയാകുമെന്ന പ്രതീക്ഷിക്കുന്നു.

(ഈ) ഇല്ല.

(എഫ്) ധനദൌർലഭ്യം കാരണം ഈ കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവാഹമില്ല.

എൻ. ജി. ഓ. മാർക്കറ്റ് കോർട്ടേഴ്സ്

238. [8] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ എൻ. ജി. ഓ. മാർക്കറ്റ് കോർട്ടേഴ്സ് നിർമ്മിക്കാൻ പദ്ധതികളുണ്ടോ ;

(ബി) ആലത്തൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ എൻ. ജി. ഓ. മാർക്കറ്റ് കോർട്ടേഴ്സ് നിർമ്മിക്കാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ ഇതിനു പദ്ധതിയില്ല.

പാലംപണി

239. [10] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്കിൽ കടമ്പനാട്—ഏനാദി റോഡിൽ ഇടയൻ പാലം പണിയുന്നതിന് കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയറുടെ ആഫീസിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഈ പാലം എന്നു പണി ആരംഭിക്കുമെന്നു പറയാൻ കഴിയുമോ?

ഉത്തരം

(എ, ബി) കൊല്ലം എക്സിക്യൂട്ടീവ് എൻജിനീയർ ഈ പാലം പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി. ധനദൌർലഭ്യം കാരണം ഈ പാലം പണി മാറ്റിവയ്ക്കേണ്ടതായിവന്നു.

(സി) ഇപ്പോൾ പറയുവാൻ നിർവാഹമില്ല.

കന്നുകാലികൾക്ക് മേച്ചിലിനു പാസ്സ്

240. [11] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ റിസർവു ഫാറസ്റ്റിനു തൊട്ടടുത്തുതാമസിക്കുന്ന കൃഷിക്കാരുടെ കന്നുകാലികൾക്ക്, മുമ്പു ഫാറസ്റ്റിൽ മേയാൻ പാസുകൊടുത്തുവന്ന സമ്പ്രദായം തുടരുവാൻ ദയവുണ്ടാകുമോ ;

(ബി) ഇതു സംബന്ധിച്ച് അവിടത്തെ കൃഷിക്കാരിൽനിന്ന് നിവേദനവും ഹർജിയും കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫാറസ്റ്റിനു ദോഷംവരാത്ത നിലയിൽ കാലാകാലമായി തുടർന്നു വന്ന ഈ ആവശ്യം അനുവദിച്ചുകൊടുക്കുന്ന കാര്യം പരിശോധിക്കാമോ ;

(ഡി) വടക്കേവയനാട്ടിൽ അങ്ങിനെ എത്ര കന്നുകാലികൾക്ക് മേയുന്നതിനു് ഫാറസ്റ്റു് അധികൃതർ പാസുകൊടുക്കാറുണ്ടായിരുന്നോ, അതുവഴി പ്രതിവർഷം എത്ര സംഖ്യ കിട്ടാറുണ്ടു് ?

ഉത്തരം

(എ) വയനാട്ടിലെ റിസർവുവനങ്ങൾക്കു തൊട്ടടുത്തുതാമസിക്കുന്ന കൃഷിക്കാരുടെ കന്നുകാലികൾക്കു് മേയാൻവേണ്ടി പാസുകൊടുത്തുവന്ന സമ്പ്രദായം ഇപ്പോഴും തുടരുന്നുണ്ടു്.

(ബി) കിട്ടിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) വടക്കേവയനാട്ടിൽ കഴിഞ്ഞകൊല്ലം 2652 പശുക്കളും 822 എരുമകളും മേയ്ക്കുന്നതിനു് പാസുകൾ കൊടുത്തിട്ടുണ്ടു്. ഈ ഇനത്തിൽ 1074 രൂപ കിട്ടിയിട്ടുണ്ടു്.

തീരവാസികൾക്കു് പതിച്ചുകൊടുക്കുന്ന പുറമ്പോക്കു സ്ഥലം

241. [12] ശ്രീ. കെ. മമായ്ദീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവക്കാട് താലൂക്കു് കടപ്പുറം അംശത്തിൽ തീരപ്രദേശത്തു കിടക്കുന്ന പുറമ്പോക്കുസ്ഥലം 1963 ഡിസംബർ 31-ാം തീയതിവരെ എത്ര പേർക്കു് എത്രയെത്ര സ്ഥലംവീതം പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ബി) അതിന്റെ ഒരു ലിസ്റ്റു് മേശപ്പുറത്തുവയ്ക്കുവാൻ ദയവുണ്ടാകുമോ :

(സി) തീരവാസികളായ അനേകംപേർ ഉണ്ടായിരിക്കെ മറ്റു സ്ഥലങ്ങളിലുള്ള ഹരിജനങ്ങൾക്കു് സ്ഥലം പതിച്ചുകൊടുക്കുകയാണെന്നും തീരവാസികൾക്കു് പതിച്ചുകിട്ടുന്നില്ലെന്നും വല്ല പരാതിയും ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥലവാസികളും ഭൂരഹിതരുമായ തീരവാസികൾക്കു് തന്നെ അവിടത്തെ പുറമ്പോക്കുസ്ഥലം പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ആകെ 266 പേർക്കു് 87.08 ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടു്. അതിൽ ഓരോരുത്തർക്കും 18 സെന്റു മുതൽ 50 സെന്റുവരെ കിട്ടിയവർ ഉണ്ടു്. ഓരോരുത്തർക്കും അനുവദിച്ചതിന്റെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ കാണിച്ചിട്ടുണ്ടു്. *

(ബി) ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(സി) പരാതികളൊന്നും കിട്ടിയിട്ടില്ല.

(ഡി) സമയത്തിനുള്ളിൽ ശരിയായ ഫാറത്തിൽ അപേക്ഷ കൊടുത്തിട്ടുള്ള അർഹരായവർക്കു് സ്ഥലം പതിച്ചുകൊടുക്കേണ്ടകാര്യം പരിഗണിക്കുന്നതാണു്.

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly